# അൽമാട്ടിയിലെ തണുപ്പിൽ

**കാരൂർ സോമൻ**

അൽമാട്ടിയിലെ തണുപ്പിന് പറഞ്ഞറിയിക്കാനാവാത്ത ഒരു മൗനമുണ്ട്. ഏതൊരു സഞ്ചാരിയേയും ഹൃദയത്തോടു ചേർത്തു നിർത്തുന്ന ഒരു കുളിര്. പ്രകൃതിയുടെ ഋതുഭംഗികളെല്ലാം ചേർന്നു നിൽക്കുന്ന ഇവിടെ നിൽക്കുമ്പോൾ സഞ്ചാരത്തിന്റെ പുതിയൊരു പന്ഥാവ് പ്രകൃതി തന്നെ മുന്നിൽ തുറന്നു തരികയാണെന്നു തോന്നി. 1929 മുതൽ 1936 വരെ കസാഖ് അസോസിയേഷൻ എന്ന ഒരു കൂട്ടം പ്രവിശ്യകളുടെ തലസ്ഥാന പട്ടണമായിരുന്നു അൽമാട്ടി. പിന്നീട് പ്രതാപങ്ങളുടെ ഏറ്റക്കുറിച്ചിലുകൾക്കിടയിൽ 1991 വരെ കസാഖ് സാമ്രാജ്യത്തിന്റെ തലസ്ഥാനവും. എന്നാൽ 1991 ൽ കഥ മാറി. കസാഖ്സ്ഥാൻ സ്വതന്ത്രമായി. അതോടെ അൽമാട്ടിയിൽ നിന്നും കേന്ദ്രീകൃതമായ ഭൂപ്രകൃതിയുള്ള അസ്താനയിലേക്ക് തലസ്ഥാനം മാറി. പക്ഷേ, അൽമാട്ടിക്ക് നിയോഗം പിന്നെയുമുണ്ടായിരുന്നു. ചരിത്രപരമായ തലസ്ഥാനത്തേക്ക് മടങ്ങിവരാനുള്ള അവകാശം 1997ൽ വീണ്ടെടുത്തു. എന്നാൽ കസാഖിസ്ഥാന്റെ തലസ്ഥാനമായി അസ്താന പിന്നെയും തുടർന്നു.

കസാഖിസ്ഥാനിലെ ഏറ്റവും വലുതും വികസിതവുമായ സാംസ്കാരിക വൈവിദ്ധ്യമുള്ള നഗരമാണ് അൽമാട്ടി. ചൈനയോടും കിർഗിസ്ഥാനോടും ചേർന്നു കിടക്കുന്ന ഈ പ്രവിശ്യ ശരിക്കും കസാഖിസ്ഥാനിലെ വേറിട്ട ഒരു മേഖലയാണ്. ചരിത്രം അലതല്ലുന്ന ഈ കലാനഗരത്തിൽ പക്ഷേ മറ്റു ചരിത്രനഗരങ്ങളിൽ കാണുന്നതു പോലെയുള്ള കെട്ടിട അവശിഷ്ടങ്ങളില്ല. ഒരു കാലത്ത് ഈ നഗരത്തിൽ ധാരാളം വംശീയ റഷ്യക്കാരും ഉക്രൈനികളും ഉണ്ടായിരുന്നു. സോവിയറ്റ് യൂണിയന്റെ വികസനം മൂലം രണ്ടാം ലോകമഹായുദ്ധകാലത്ത് യൂറോപ്യൻ പ്രദേശങ്ങളിൽ നിന്നും തൊഴിലുകൾക്കും വ്യവസായങ്ങൾക്കുമായി നിരവധി പേർ ഇവിടേക്കു കുടിയേറി. അങ്ങനെയെത്തിയവരുടെ ഒരു കൊളോണിയൽ സംസ്ക്കാരത്തിന്റെ പ്രത്യേകത കൊണ്ടാവും അൽമാട്ടി കൂടുതൽ സുന്ദരിയായതെന്നു പറയാം. ചൂടേറിയ വേനൽക്കാലവും വളരെ തണുപ്പുള്ള ശൈത്യവുമാണ് ഇവിടെയുള്ളത്. എന്നാൽ ഏതു നിമിഷവും ഭൂകമ്പം പെയ്തിറങ്ങാവുന്ന ഒരു നഗരം കൂടിയാണിത്. മിക്കതും ഗണ്യമായ നാശനഷ്ടങ്ങളൊന്നും വരുത്തിയില്ലെങ്കിലും അൽമാട്ടിയിൽ എപ്പോൾ വേണമെങ്കിലും ഭൂമി കുലുങ്ങാമെന്നതാണ് സ്ഥിതി.

1997ൽ തലസ്ഥാനം രാജ്യത്തിന്റെ വടക്കൻ കേന്ദ്രമായ അസ്താനിലേക്ക് മാറിയെങ്കിലും പ്രതാപത്തിന്റെ കാര്യത്തിൽ അന്നും ഇന്നും അൽമാട്ടിയിൽ ഒരു വിട്ടുവീഴ്ചയുമില്ല. മറ്റു കസാഖിസ്ഥാൻ നഗരങ്ങളിൽ നിന്നും അതു കൊണ്ട് തന്നെ അൽമാട്ടി വ്യത്യസ്തയുമാണ്. തലസ്ഥാനം കൈമോശം വന്നുവെങ്കിലും അൽമാട്ടിയെ കസാഖിസ്ഥാനിന്റെ 'തെക്കൻ തലസ്ഥാനമായി' ആണ് വിശേഷിപ്പിക്കപ്പെടുന്നത്. അൽമാട്ടി ഉൾപ്പെടുന്ന റിപ്പബ്ലിക്ക് ഓഫ് കസാഖിസ്ഥാൻ ലോകത്തിലെ ഏറ്റവും വലിയ ഭൂപ്രകൃതിയുള്ള രാജ്യങ്ങളിൽ ഒൻപതാമത്തേതാണ്. 2,724,900 ചതുരശ്ര കിലോമീറ്ററുള്ള (1,052,100 ചതുരശ്ര മൈലുകളാണുള്ളത്) കസാഖിസ്ഥാൻ മധ്യേഷ്യയിലെ ആധിപത്യം പുലർത്തുന്ന രാജ്യമാണ്. മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 60% എണ്ണ / വാതക വ്യവസായം വഴിയാണ് ഉത്പാദിപ്പിക്കുന്നത്. വലിയ ധാതു ഉറവിടങ്ങളും ഇവിടെയുണ്ട്. അൽമാട്ടിയിലും സ്ഥിതി വ്യത്യസ്തമല്ല.

വൈവിധ്യമാർന്ന സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട ജനാധിപത്യ, മതനിരപേക്ഷ, ഏകീകൃത, ഭരണഘടനാപരമായ റിപ്പബ്ലിക്കാണ് കസാക്കിസ്ഥാൻ. റഷ്യ, ചൈന, കിർഗിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ എന്നിവയുമായി അതിർത്തി പങ്കിടുന്നു. കൂടാതെ കാസ്പിയൻ കടലിന്റെ വളരെ വലിയ ഭാഗവും. കസാഖിന്റെ ഭൂപ്രകൃതിയും ഭൂപ്രദേശങ്ങളിലും സാംസ്ക്കാരികമായുള്ള വൈവിധ്യവും പ്രകടം. ഇതു തന്നെ അൽമാട്ടിയിലും കാണാം, വിശാലമായ പുൽത്തകിടിയോടു കൂടിയ താഴ്വരകൾ, ഉയർന്ന കുന്നുകൾ, പീഠഭൂമികൾ, മഞ്ഞ് മൂടിയ മലകൾ, മരുഭൂമികൾ എന്നിവയൊക്കെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്നുണ്ട്. അതു കൊണ്ട് തന്നെയാവണം സഞ്ചാരികൾ ഇവിടേക്ക് ഒഴുകുന്നത്. അൽമാട്ടിയിലേക്കുള്ള വരവിന്റെ കണക്കു നോക്കിയാൽ, 2016 ലെ കണക്ക് പ്രകാരം 22 ദശലക്ഷം ആളുകൾ കസാക്കിസ്ഥാൻ സന്ദർശിച്ചതായി കാണാം. വലിയ ഭൂവിസ്തൃതിയുണ്ടെങ്കിലും, ജനസംഖ്യ സാന്ദ്രത ഏറ്റവും കുറവുള്ള രാജ്യം കൂടിയാണിത്. ഒരു ചതുരശ്ര കിലോമീറ്ററിൽ വെറും ആറു ആൾക്കാർ മാത്രമേ ഇവിടെയുള്ളു. കാലാവസ്ഥപരമായ ഭൂപ്രകൃതിയാവണം ഇതിനു കാരണം.

**ചരിത്രത്തിന്റെ മേച്ചിൽപ്പുറം**

തുർക്കിയുടെ പല വംശങ്ങളിൽ നിന്നും കുടിയേറിയവരാണ് കസാഖിസ്ഥാനിലെ പൂർവ്വികർ. പതിമൂന്നാം നൂറ്റാണ്ടിൽ ചെങ്കിസ് ഖാന്റെ കീഴിലുള്ള മംഗോളിയൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ട കസാഖിസ്ഥാൻ പ്രദേശം പതിനാറാം നൂറ്റാണ്ടോടു കൂടി കസാക്കെ ഒരു പ്രത്യേക സംഘമായി വളരുകയും മൂന്നു ജൂസ് (പ്രത്യേക ഭൂ

വിഭാഗങ്ങൾ അധിവസിക്കുന്ന പൂർവികരുടെ ശാഖകൾ) ആയി മാറുകയും ചെയ്തു. ഉയർന്ന ധാതുലവണങ്ങളുടെ അക്ഷയഖനിയാണിതെന്ന തിരിച്ചറിവോടെ, പതിനെട്ടാം നൂറ്റാണ്ടിൽ റഷ്യക്കാർ കസാഖിന്റെ തലസ്ഥാനത്തിലേയ്ക്ക് മുന്നേറാൻ തുടങ്ങി. പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അവർ റഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായി. അങ്ങനെ കസാക്കിസ്ഥാൻ മുഴുവനും റഷ്യൻ ഭരണത്തിന്റെ കീഴിലായി. അന്നൊക്കെ അൽമാട്ടിയുടെ പ്രതാപകാലമായിരുന്നു. റഷ്യൻ നഗരങ്ങളുടെ ആഢംബരതയ്ക്കുള്ളിലായിരുന്നു അൽമാട്ടിയിലെ ജനതയുടെ ജീവിതം. ആസ്വദിക്കാനുള്ളതെല്ലാം ഒരുക്കി നിർത്തിയായിരുന്നു അന്ന് അൽമാട്ടി തലയുയർത്തി നിന്നത്. 1917ലെ റഷ്യൻ വിപ്ലവത്തിനു ശേഷം അൽമാട്ടി പിന്നോക്കം പോയി. ആഢംബരങ്ങൾക്ക് അറുതി വന്നു. റഷ്യൻ പ്രഭ്വിമാർ അവധിക്കാലം ആഘോഷിക്കാൻ എത്താതെയായി. ആഭ്യന്തര യുദ്ധവും മൂർച്ഛിച്ചു. ഇതിനെത്തുടർന്ന് കസാഖിസ്ഥാൻ ഭൂപ്രദേശം പല പ്രാവശ്യം പുനഃസംഘടിപ്പിച്ചു. 1936ൽ സോവിയറ്റ് യൂണിയന്റെ ഭാഗമായ കസാഖ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് ആയി മാറി. 1991 ൽ സോവിയറ്റ് യൂണിയൻ പിരിച്ചുവിട്ടപ്പോൾ സോവിയറ്റ് റിപ്പബ്ലിക്കുകളിൽ അവസാനത്തെ രാജ്യമായിരുന്നു കസാഖിസ്ഥാൻ. പൂർണ്ണമായും റഷ്യക്കാരോടു കൂറു പുലർത്തിയ രാജ്യം. അൽമാട്ടിയിൽ ഇന്നും കാണാം ആ റഷ്യൻ സ്നേഹം. മഞ്ഞു കുളിർ വീഴ്ത്തുന്ന രാവുകളിൽ അൽമാട്ടിയിലെ തെരുവോരങ്ങളിലൂടെ നടക്കുമ്പോൾ റഷ്യൻ ഗാനം ഉയരുന്നത് കേൾക്കാം. ഇന്നത്തെ പ്രസിഡന്റ് നഴ്സുൾട്ടൻ നസർബയേവ് അന്ന് രാജ്യത്തിന്റെ നേതാവായിരുന്നു. ചൈനയോടു ചേർന്നു കിടക്കുകയാണെങ്കിലും റഷ്യൻ സ്നേഹം ഇന്നും അൽമാട്ടിക്ക് ഒഴിവാക്കാനാവില്ല.

അൽമാട്ടി നഗരത്തിന് ഈ പേരു വരാനുള്ള കാരണത്തിനു പിന്നിൽ പോലും അഗാധമായ ഈ റഷ്യൻ സ സ്നേഹത്തിന്റെ തിരുശേഷിപ്പ് കാണാം. 'ആപ്പിൾ' (അലം) എന്ന കസാഖ് പദത്തിൽ നിന്നാണ്, 'ആപ്പിൾ നിറഞ്ഞത്' എന്ന അർത്ഥം വരുന്ന അൽമാട്ടിയിലേക്ക് എത്തുന്നത്. റഷ്യയുടെ ആൽമ അതാ എന്ന പേര് റഷ്യൻ ഭാഷയിൽ നിന്ന് സ്വാതന്ത്ര്യം നേടിയ ശേഷവും കസാഖിസ്ഥാൻ ഉപേക്ഷിച്ചില്ല. അങ്ങനെ ആപ്പിൾ നിറഞ്ഞ പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഈ നഗരത്തിന് ഈ പേര് ഇന്നും നിലനിൽക്കുന്നു.

റഷ്യൻ സാമ്രാജ്യത്തിന്റെ ഭരണാധികാരികൾ വികസിപ്പിച്ചെടുത്ത ആദ്യത്തെ സിറ്റി പ്ലാൻ അനുസരിച്ച് അമെറ്റത്തിങ്ക നദിക്ക് തെക്ക് 2 കിലോമീറ്റർ (1 മൈൽ), പടിഞ്ഞാറ് 3 കിലോമീറ്റർ (2 മൈൽ) എന്നിവയാണ് അൽമാട്ടിയിലെ നഗരപഥങ്ങൾ. പുതിയ നഗര പ്രദേശം താമസസ്ഥല ഭാഗങ്ങളായി വിഭജിക്കപ്പെട്ടു. 1926 ലെ കൗൺസിൽ ഓഫ് ലേബർ ആൻഡ് ഡിഫൻസ്, തുർകിസ്ഥാൻ-സൈബീരിയ റെയിൽവേയുടെ നിർമാണത്തിന് അനുമതി നൽകിയതോടെ അൽമാട്ടിയുടെ വളർച്ച മറ്റൊരു തരത്തിൽ കൂടി വികസിക്കുകയായിരുന്നു. അവധിക്കാലം ചെലവഴിക്കുന്ന നഗരം എന്നതിനപ്പുറത്തേക്ക് 1930 ൽ റെയിൽവേയുടേയും നിർമ്മാണം പൂർത്തിയായതോടെ വ്യാവസായികമായും അൽമാട്ടി പുരോഗമനം പ്രാപിച്ചു. ഈ വർഷം തന്നെ അൽമാട്ടിയിൽ എയർപോർട്ട് ആരംഭിച്ചു. സോവിയറ്റ് ഗവൺമെന്റിന്റെ കേന്ദ്രമായ മോസ്കോയിലേക്ക് അൽമാട്ടിയിൽ നിന്നും നേരിട്ട് വിമാനം പറന്നിരുന്ന കാലമായിരുന്നു അത്. കസാഖിസ്ഥാനിലേക്ക് പ്രവേശിക്കുന്ന പ്രധാന കവാടമായി അൽമാട്ടി ഇതോടെ മാറി. ഈ ചെറിയ പട്ടണം കസാഖിലെ യുഎസ്എസ്ആർ തലസ്ഥാനമാക്കി മാറ്റുകയും പുതിയ ഭരണ സൗകര്യങ്ങളും ഭവന നിർമ്മാണവും വൻതോതിൽ നിർമ്മിക്കുകയും ചെയ്തു. സ്റ്റാലിൻ കാലഘട്ടത്തിലെ വലിയ ശുദ്ധീകരണം കസാഖിസ്ഥാനിലെ മറ്റു പ്രവിശ്യകളിലേക്ക് വ്യാപിച്ചു. അവിടെ നിരവധി ബുദ്ധിജീവികൾ, സാംസ്ക്കാരിക പ്രവർത്തകർ, നേതാക്കന്മാർ, അദ്ധ്യാപകർ എന്നിവരൊക്കെയും വിപ്ലവത്തിനായി ഇറങ്ങേണ്ടി വന്നു.

അൽമാട്ടിയിലെ ഭൂരിഭാഗം കെട്ടിടങ്ങളും ഭൂമികുലുക്കങ്ങളെ അതിജീവിക്കാൻ ശേഷിയുള്ളതാണ്. ഇവിടെ അടിക്കടി ഭൂമിയൊന്നു കുലുങ്ങിയാലും പേടിക്കേണ്ടതില്ല. റഷ്യൻ അധിനിവേശ കാലം മുതൽക്കേ നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും ഇങ്ങനെയൊരു പ്രത്യേകത ഇവിടെ കാണാം. നഗരത്തിരക്കിലേക്ക് ഇറങ്ങിയാലും അൽമാട്ടിയിലെ നിരത്തുകളിൽ വിവിധ തരത്തിലുള്ള പുഷ്പങ്ങൾ നിറഞ്ഞു നിൽക്കുന്ന ചെടികൾ കാണാം. കസാഖിസ്ഥാനിലെ ഉദ്യാന നഗരമെന്ന നിലയിലാണ് അൽമാട്ടി തന്റെ പ്രതിച്ഛായ സൃഷ്ടിച്ചിരിക്കുന്നത്. കൽക്കമാൻ, കോക്ക് ട്യൂബ്, ഗോർണി ഗിയാന്റ് എന്നിവിടങ്ങളെ മനോഹരമായി കൂട്ടിച്ചേർത്തു കൊണ്ട് അൽമാട്ടി ഇപ്പോൾ തന്റെ വിസ്തൃതി വികസിപ്പിച്ചിട്ടുണ്ട്. നിരവധി അംബരചുംബികളായ കെട്ടിടങ്ങൾ, നഗരത്തിനുള്ളിൽ തന്നെയുള്ള വിശാലമായ അപ്പാർട്ട്മെന്റ് ബ്ളോക്കുകൾ, ഓഫീസ് കെട്ടിടങ്ങൾ എല്ലാം ചേർന്നു നഗരത്തിന്റെ മുഖച്ഛായ മാറ്റിയിരിക്കുന്നു. നിറമാർന്ന നിരത്തുകളിലുടെ സഞ്ചരിക്കുമ്പോൾ വലിയ ബഹളങ്ങളൊന്നും ഇല്ലെന്നത് ഏതൊരു സഞ്ചാരിയേയും അത്ഭുതപ്പെടുത്തും. അൽമാട്ടി അങ്ങനെയാണ്, മൗനം കൊണ്ട് മനോഹാരിത ആഘോഷിക്കുന്ന ഒരു നഗരമാണ്.

ചൂടുള്ള വേനൽക്കാലവും തണുപ്പുള്ള ശൈത്യവുമാണ് അൽമാട്ടിയിലെ കാലാവസ്ഥ. ഉയർന്നതും വിശാ

ലവുമായ പർവതങ്ങളുടെയും നീണ്ടു നിവർന്നു കിടക്കുന്ന താഴ്‌വാരങ്ങളുടെ സമൃദ്ധിയാലും ആർദ്രമായ കാലാവസ്ഥാ ഇവിടെ പ്രകടമാകുന്നു. വാർഷിക ശരാശരി താപനില വെറും 10 ഡിഗ്രി സെൽഷ്യസ് മാത്രമാണ്. ഏറ്റവും തണുപ്പ് മാസമായ ജനുവരിയിൽ 4.7 യായി ഡിഗ്രിയായി തണുപ്പ് താഴും. ഈ സമയത്ത് അൽമാട്ടി മഞ്ഞിൽ കുളിച്ചിരിക്കുകയാവും. ഏറ്റവും ചൂട് കൂടിയ മാസം ജൂലൈ തന്നെ. ആ സമയത്തെ കൂടിയ ചൂട് ശരാശരി 23.8 ഡിഗ്രി സെൽഷ്യസാണ്. മഞ്ഞ് വീഴ്ചയുടെ മനോഹരമായ ദൃശ്യങ്ങൾ അൽമാട്ടിയെ കൂടുതൽ സുന്ദരിയാക്കുമ്പോഴും സാധാരണ ജീവിതത്തിന ഇവിടെ മാറ്റമൊന്നുമില്ല. കനത്ത മഞ്ഞുവീഴ്ചയും താഴ്ന്ന താപനിലയും അനുഭവപ്പെടുമെങ്കിലും അൽമാട്ടിയിൽ ചിലപ്പോൾ ശൈത്യകാലത്ത് മഴ അനുഭവപ്പെടുമെന്ന് ഞങ്ങളുടെ യാത്രാ ഗൈഡ് അറിയിച്ചു.

മധ്യേഷ്യയിൽ ഏറ്റവും ശക്തമായ സാമ്പത്തിക രാഷ്ട്രത്തിന്റെ തലസ്ഥാനമായതു കൊണ്ടാവാം അൽമാട്ടിയിൽ യൂറോപ്യൻ റഷ്യൻ സാംസ്ക്കാരിക തനിമ എവിടെയും പ്രകടം. ജനങ്ങളുടെ ജീവിത നിലവാരത്തിലും അതു പ്രകടം. ഹോട്ടലുകളിൽ ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ യൂറോപ്യരുടെ അച്ചടക്കവും റഷ്യക്കാരുടെ അച്ചടക്കരാഹിത്യവും ഒരേപോലെ തീൻമേശയിൽ അനുഭവപ്പെടുന്നു. ഭക്ഷണവിഭവത്തിന്റെ കാര്യവും അങ്ങനെ തന്നെ. 'ഗ്രീൻ ഹിൽ' എന്നർത്ഥം വരുന്ന കൊക്ക് ടോബിലേക്ക് ഇവിടെ നിന്ന് ഒരു ട്രാം ലൈൻ ഉണ്ട്. അതിലുള്ള യാത്ര അവിസ്മരണീയമാണ്. നഗരത്തിലെ ടെലിവിഷൻ ഗോപുരമായ അൽമാട്ടി ടവർ ദൂരെ നിന്നേ കാണാം. അൽമാട്ടിയിലേക്ക് വിമാനമിറങ്ങുമ്പോൾ ആദ്യം കണ്ണിൽ പെടുന്നതും ഈ അംബര ചുംബി തന്നെ. ഗ്രീൻ ഹിൽ കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന മൃഗശാല, അമ്യൂസ്മെന്റ് പാർക്ക്, സ്റ്റൈഡ് റൈഡ്സ്, റസ്റ്റോറന്റുകൾ തുടങ്ങിയ ഏതൊരു വിനോദസഞ്ചാരയെയും ഹരം പിടിപ്പിക്കുന്നതെല്ലാം ഇവിടെയുണ്ട്.

അൽമാട്ടിയുടെ തെക്കു കിഴക്കേ പർവതമായ മെഡി വാലിക്ക് ഒരു പ്രത്യേകതയുണ്ട്. ലോകത്തിലെ ഏറ്റവും ഉയർന്ന സ്കേറ്റിങ്ങ് റിങ്കാണ് ഇത്. പതിനായിരം ചതുരശ്രമീറ്റർ വലുപ്പമുള്ള ഐസ് റിങ്കാണിത്. ഇതു കൂടാതെ, സമുദ്രനിരപ്പിൽ നിന്ന് 2,200 മീറ്റർ (7,200 അടി) ഉയരത്തിൽ സെയ്‌ലിസ്കി മലനിരയിലെ മെഡുവ താഴ്‌വരയുടെ മുകളിൽ ഒരു സ്കീ റിസോർട്ട് ഉണ്ട്. ഇവിടേക്ക് എത്താൻ നഗരത്തിന് ഏകദേശം 25 കിലോമീറ്റർ തെക്ക് മെഡിയോ റോഡിലൂടെ യാത്ര ചെയ്യണം. ഭൂകമ്പത്തെത്തുടർന്ന് പ്രകൃതിദത്തമായി ഉണ്ടായ ഒരു തടാകമാണ് കാണേണ്ട മറ്റൊരു കാഴ്ച. അൽമാട്ടി തടാകം എന്നു തന്നെയാണ് ഇതിന്റെ പേര്. ട്രാൻസ് ലി അലൈതാ പർവതനിരകളിലാണ് തടാകം സ്ഥിതി ചെയ്യുന്നത്. ട്രാൻസ് ഇലി അലിതൂവിലെ തടാകങ്ങളിൽ ഭൂരിഭാഗവും ഭൂകമ്പത്തിന്റെ ഫലമായി ഉണ്ടായതാണ്.

രാത്രിയാണ് അൽമാട്ടി കൂടുതൽ സുന്ദരി എന്നു തോന്നി. രാത്രിയേറെ തുറന്നിരിക്കുന്ന പബ്ബുകൾ, മദ്യശാലകൾ, തെരുവോരങ്ങൾ. നഗരത്തിൽ മജീഷ്യന്മാരുടെ അഭ്യാസപ്രകടനങ്ങൾ. റഷ്യൻ യുവതികളുടെ നൃത്തം. അലങ്കാര ദീപങ്ങളുടെ വർണ്ണശബളിമ. രാത്രിക്ക് തണുപ്പേറുന്നു. അൽമാട്ടിയിൽ മഞ്ഞ് വീഴാൻ തുടങ്ങുകയാണ്. കുമിൻസ് (വീര്യം കുറഞ്ഞ മദ്യം) ഒരിറക്ക് അകത്താക്കി ശരീരത്തെ ചൂടാക്കി കട്ടിക്കൂടിയ പുതപ്പിനടിയിലേക്ക് നൂഴുമ്പോഴും അൽമാട്ടി ഉറങ്ങിയിരുന്നില്ല. സഞ്ചാരികളുടെ തിരക്കുകൾക്കിടയിലും മൗനം നിറഞ്ഞ മഞ്ഞ് നിരത്തുകളിലേക്ക് മുകളിലേക്ക് പതുക്കെ പെയ്തിറങ്ങി....